# 14.10.2016 ൽ ചേർന്ന ഭരണപരിഷ്കാര കമ്മീഷന്റെ ഒന്നാമത് യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം വൈകുന്നേരം 3.30 ന് കമ്മീഷൻ ചെയർമാന്റെ ഔദ്യോഗിക വസതിയിൽ അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. കമ്മീഷൻ അംഗങ്ങളായ ശ്രീ. സി.പി. നായർ , ശ്രീമതി. നീലാ ഗംഗാധരൻ , മെംബർ സെക്രട്ടറി ശ്രീ.കെ.ആർ.ജ്യോതിലാൽ എന്നിവർ പങ്കെടുത്തു.

ഭരണപരിഷ്കാര കമ്മീഷന്റെ പ്രസക്തിയെക്കുറിച്ചും, ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചും ചെയർമാൻ ആമുഖമായി വിശദീകരിച്ചു. ഭരണസംവിധാനം കൂടുതൽ സുതാര്യവും കാര്യക്ഷമവും അഴിമതിരഹിതവും ജനോപകാരപ്രദവും പൗരകേന്ദ്രീകൃതവും ആകണമെന്നും ഭരണരംഗത്ത് നിലനിൽക്കുന്ന ചുവപ്പുനാട പാടെ നിർമ്മാർജ്ജനം ചെയ്യേണ്ടതുണ്ടെന്നും അതിനുപകാരപ്രദമാകുന്ന വിധത്തിലാകണം കമ്മിഷന്റെ പ്രവർത്തനമെന്നും ചെയർമാൻ പറഞ്ഞു. വിദ്യാഭ്യാസ രംഗത്തും കമ്മീഷന്റെ ശ്രദ്ധ പതിയേണ്ടതുണ്ടെന്നും ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുന്നതിന് ത്വരിതഗതിയിലുള്ള നടപടികൾ ആവശ്യമാണെന്നും അദ്ദേഹം വ്യക്തമാക്കി.അഴിമതി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനായി നിലവിലുള്ള വിജിലൻസ് സംവിധാനം പുനരവലോകനം ചെയ്യേണ്ടതുണ്ടെന്നും, അവിഹിത സ്വത്ത് കണ്ട് കെട്ടുന്നതിന് ഉചിതമായ നിയമനിർമ്മാണം ആവശ്യമാണെന്നും അദ്ദേഹം എടുത്ത് പറഞ്ഞു.

തുടർന്ന് കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ (Terms of Reference) ഇനം തിരിച്ച് വിശദമായി ചർച്ച ചെയ്തു.

വിപുലമായ പരിഗണനാ വിഷയങ്ങളാണ് കമ്മീഷന് നൽകിയിട്ടുള്ളത് എങ്കിലും ചില കൂട്ടിച്ചേർക്കലുകളും വ്യക്തമാക്കലുകളും ആവശ്യമാണെന്ന് കമ്മിഷൻ വിലയിരുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന തരത്തിലുള്ള കൂട്ടിച്ചേർക്കലുകളോ വ്യക്തമാക്കലുകളോ ഉൾപ്പെടുത്തേണ്ടതാണെന്ന് കമ്മിഷൻ ഐകകണ്ഠ്യേന തീരുമാനിച്ചു.

1. ഒന്നു മുതൽ മൂന്നു വരെയുള്ളവ ഘടനാപരമായ വിഷയങ്ങളിൽ ഊന്നിയുള്ളവയാണ് - ഭേദഗതികൾ ആവശ്യമില്ല.
2. നാലു മുതൽ ആറു വരെയുള്ളവ സർക്കാരിന്റെ പ്രവർത്തനപരമായ കാര്യങ്ങൾ സംബന്ധിച്ചുള്ളതാണ് - ഭേദഗതികൾ ആവശ്യമില്ല.
3. ഏഴാമത് പരിഗണനാ വിഷയം- ഭേദഗതികൾ ആവശ്യമില്ല.
4. എട്ടാമത് പരിഗണനാ വിഷയത്തിൽ ഭരണത്തിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുക (increase) എന്നതോടൊപ്പം ഫലപ്രദമായ (effective) ജനപങ്കാളിത്തം ഉറപ്പാക്കണം.|
5. ഒമ്പതാമത് പരിഗണനാ വിഷയത്തിൽ മുഖ്യ പൊതുസേവനപ്രദാന (key public services)ങ്ങളുടെ കാര്യക്ഷമത ഉയർത്തുന്ന കാര്യങ്ങൾ പരിചിന്തിക്കുമ്പോൾ

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിന് പ്രാമുഖ്യം നൽകണം.

6. പത്ത് മുതൽ പതിനഞ്ച് വരെയുള്ള പരിഗണനാ വിഷയങ്ങൾ- ഭേദഗതികൾ ആവശ്യമില്ല.

<u>മറ്റു വിലയിരുത്തലുകൾ</u>

ജനങ്ങളുടെ സുരക്ഷയും സംരക്ഷണവും ( safety & security) ഉറപ്പാക്കുന്നതിൽ നിലവിലുള്ള നിയമവ്യവസ്ഥകളും നടപടിക്രമങ്ങളും പുനർചിന്തനം ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണെന്നും ഇക്കാര്യത്തിൽ ദുർബലവിഭാഗങ്ങൾക്ക് ( സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്ന ശേഷിക്കാർ തുടങ്ങിയവർ) പ്രാമുഖ്യം നൽകേണ്ടതാണെന്നും കമ്മീഷൻ വിലയിരുത്തി.

ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളുടെ സേവനങ്ങൾ , പ്രത്യേകിച്ചും ഗ്രാമീണമേഖലയിൽ, ദുർബ്ബല വിഭാഗങ്ങൾക്ക് മുന്തിയ പരിഗണന ലഭിക്കുന്ന വിധത്തിലായിരിക്കണം.

അടിസ്ഥാന സൗകര്യങ്ങളുടെ ( infrastructure facilities) നിർമ്മാണം മാത്രമല്ല അവയുടെ പരിപാലനവും ഫലപ്രദമായ ഉപയുക്തതയും പ്രാധാന്യമർഹിക്കുന്നു.

നിലവിലുള്ള കേരള ലോകായുക്ത, ഓംബുഡ്സ്മാൻ സംവിധാനം കൂടുതൽ ശക്തമാക്കുന്നതിനും പൊതുരംഗത്തെ അഴിമതി ഫലപ്രദമായി തടയുന്നതിനും ലോകായുക്തയും ഓംബുഡ്സ്മാനും പുനസംഘടിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് തീരുമാനിച്ചു.

അഴിമതി നിർമ്മാർജ്ജനം ചെയ്യുന്ന വിഷയത്തിൽ കേന്ദ്ര വിജിലൻസ് കമ്മീഷന്റെ (Central Vigilance Commission) മാതൃകയിൽ ഒരു സ്വതന്ത്ര ഏജൻസി രൂപീകരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

അഴിമതിയിലൂടെ സമ്പാദിക്കപ്പെട്ട അവിഹിതസ്വത്ത് കണ്ടുകെട്ടുന്നതിന് നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമാകയാൽ ഫലപ്രദമായ ഒരു നിയമനിർമ്മാണം ആവശ്യമാണെന്ന് കമ്മീഷൻ നിരീക്ഷിച്ചു.

കമ്മീഷന്റെ തുടർപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും സുഗമമാക്കുന്നതിനും ആവശ്യമായ ഇതരവിഷയങ്ങൾ വിശദമായി ചർച്ച ചെയ്തതിനു ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

I. മൂന്നാമത് ഭരണപരിഷ്കാര കമ്മീഷന്റെ മാതൃകയിൽ ഘട്ടംഘട്ടമായി മുൻഗണനാക്രമത്തിൽ റിപ്പോർട്ടുകൾ സമർപ്പിക്കുകയും അതിന്റെ നടപ്പാക്കൽ

നിരീക്ഷിക്കുകയും വേണം.

II. ഫലപ്രദവും ജനസൗഹൃദവുമായ സർവ്വീസ് ഡെലിവറി, അക്കൗണ്ടബിലിറ്റി, അടിസ്ഥാനസൗകര്യ വികസനവും അനുരക്ഷണവും എന്നീ മേഖലകളുമായി ബന്ധപ്പെട്ട റിപ്പോർട്ട് ആദ്യഘട്ടമായി സമർപ്പിക്കുന്നതാണ്. അതോടൊപ്പം തന്നെ അഴിമതി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി വിജിലൻസ് സംവിധാനത്തിന്റെ പുനരവലോകനം, ഫലപ്രദമായ സ്ഥാപന സംവിധാനം (effective institutional mechanism) എന്നിവ നിർദ്ദേശിച്ചുകൊണ്ടുള്ള റിപ്പോർട്ടും സമർപ്പിക്കുന്നതാണ്.

III. കമ്മീഷൻ രൂപീകരിക്കുന്നതിന് സർക്കാർ നൽകിയ ഉന്നതമായ പ്രാധാന്യം, കമ്മീഷന്റെ സാമൂഹിക പ്രസക്തി, കമ്മീഷന്റെ വിപുലമായ പരിഗണനാവിഷയങ്ങൾ, കമ്മീഷൻ ചെയർമാന്റേയും അംഗങ്ങളുടേയും പദവി എന്നിവ പരിഗണിക്കുമ്പോൾ അതിനനുസൃതമായ ഒരു ഓഫീസ് സംവിധാനം കമ്മീഷന് ലഭ്യമാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല എന്ന് യോഗം വിലയിരുത്തി. കമ്മീഷന്റെ പ്രവർത്തനത്തിനായി നിയോഗിക്കപ്പെട്ട സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരും ചെയർമാന്റെ പേഴ്സണൽ സ്റ്റാഫംഗങ്ങളും ചാർജ്ജെടുത്തു കഴിഞ്ഞെങ്കിലും സൗകര്യപ്രദമായി പ്രവർത്തിക്കുന്നതിനുള്ള ഓഫീസ് സൗകര്യം ഇനിയും ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ നിലവിൽ ഉത്തരവായിട്ടുള്ളതു പ്രകാരമുള്ള സംവിധാനം അനുയോജ്യമല്ലെന്നും കമ്മീഷൻ നിരീക്ഷിച്ചു. അതിനാൽ കമ്മീഷന്റെ സുഗമമായ പ്രവർത്തനം ആരംഭിക്കുന്നതിനായി സെക്രട്ടേറിയറ്റ് അനക്സ് II ൽ അനുയോജ്യമായ ഓഫീസ് സൗകര്യം അടിയന്തിരമായി ലഭ്യമാക്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കാൻ കമ്മീഷൻ തീരുമാനിച്ചു.

IV. കമ്മീഷന് inter active web portal രൂപകല്പന ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

V. കമ്മീഷൻ ചെയർമാന്റെ പേഴ്സണൽ സ്റ്റാഫംഗങ്ങളുടെ നിയമനം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കാൻ ത്വരിതനടപടികൾ സ്വീകരിക്കണം. കൂടാതെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് Supplementary Demands for Grant ( SDG) ൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

VI. കമ്മീഷന്റെ അടുത്ത യോഗം നവംബർ മാസം 21 -ാം തീയതി ചേരുന്നതിന് തീരുമാനിച്ചു.

യോഗം വൈകുന്നേരം 4.45 ന് അവസാനിച്ചു.